**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1343** **18-01-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ മേഖലയിൽ പുതിയ കെട്ടിടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം. രാജഗോപാലൻ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ മേഖലയിൽ പുതിയ കെട്ടിടങ്ങൾ (പശ്ചാത്തല സൗകര്യങ്ങൾ) നിർമ്മിക്കാൻ എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ മേഖലയിലെ സ്കൂൾ കെട്ടിടങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി കിഫ്ബി മുഖേന 2309 കോടി രൂപയുടെയും, സംസ്ഥാന ബജറ്റിലെ പദ്ധതിയിന ത്തിൽ നിന്നും 1006.95 കോടി രൂപയ്ക്കും ഭരണാനുമതി നൽകുകയും 127 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തി കൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 42 ഹയർ സെക്കണ്ടറി സ്കൂളുകളുടെ ലാബ് നവീകരണത്തിനായി 21,13,61,682/- രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി പൂർത്തിയായി വരുന്നു. കൂടാതെ, നബാർഡ്- ആർ.ഐ.ഡി.എഫ് പദ്ധതിയിലുൾ പ്പെടുത്തി 7 ഹയർ സെക്കന്ററി സ്കൂളുകൾക്കായി 4581.24 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. |
| (ബി) | എത്ര പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാനുണ്ടെന്ന് അറിയിക്കാമോ; | (ബി) | 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയ 285 സ്കൂളുകളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അടിയന്തര മായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയ നിർമ്മാണ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ 137 ഹയർ സെക്കന്ററി സ്കൂളുകളുടെ നിർമ്മാണ പ്രവർത്തന ങ്ങൾ പുരോഗമിച്ചുവരുന്നു. |
| (സി) | ഇനിയും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത എത്ര വിദ്യാലയങ്ങൾ ഉണ്ടെന്നും ഇവയ്ക്കായി എത്ര കോടി രൂപ നീക്കി വച്ചിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ? | (സി) | കുറിച്യാർമല സ്കൂളിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പ്രളയത്തിന്റെ ഭാഗമായി സ്കൂൾ കെട്ടിടം തകർന്നുപോയതിനാൽ സ്ഥലം കണ്ടെത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ